ഇലക്ട്രിസിറ്റി ബോർഡിലെ ഓവർ ടൈം അലവൻസ്

*443 [467] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ 1977-78-ൽ ഓവർ ടൈം അലവൻസായി കൊടുത്ത മൊത്തം സംഖ്യ എത്ര;

(ബി) ഓരോരുത്തരും ചെയ്യുന്ന ഓവർ ടൈം വർക്കിന്റെ ക്വാണ്ടിറ്റി പരിശോധിക്കാൻ ആരെങ്കിലും ഉണ്ടോ;

(സി) അപ്രകാരം ചെയ്യാത്തതു കൊണ്ടാണ് ഇങ്ങനെ ഓവർ ടൈം വർദ്ധിക്കുന്നതെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതേപ്പറ്റി പരിശോധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 1977-78-ൽ ഇലക്ട്രിസിറ്റി ബോർഡിൽ ഓവർ ടൈം ഇനത്തിൽ ക്യാപ്പിറ്റൽ അക്കൗണ്ടിൽ 49,000 രൂപയും റവന്യൂ അക്കൗണ്ടിൽ 6.14 ലക്ഷം രൂപയും അങ്ങിനെ മൊത്തം 6.63 ലക്ഷം രൂപാ ചെലവായി.

(ബി) ഓവർ ടൈം ജോലിക്ക് നിയോഗിക്കുന്ന മേലധികാരി തന്നെ ജോലിയുടെ ക്വാണ്ടിറ്റി പരിശോധിക്കുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രമോഷൻ കാര്യത്തിലെ അനുപാത വ്യവസ്ഥ

*444 [468] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഏതെങ്കിലും മിനിസ്റ്റീരിയൽ വിഭാഗത്തിൽ അവരുടെ പ്രമോഷൻ കാര്യത്തിൽ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ സ്വീകരിച്ചിരിക്കുന്ന അനുപാത വ്യവസ്ഥ (റേഷ്യോ) അംഗീകരിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്ത്;

(സി) വർഷങ്ങളായി ഇവർ ഉന്നയിക്കുന്ന ഈ ആവശ്യം ഇനിയെങ്കിലും അനുവദിച്ചു കൊടുക്കുമോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്. സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി. അസി സ്റ്റന്റുമാരുടെ വിഭാഗത്തിൽ.

(ബി) അവരുടെ നിയമന രീതിയും ശമ്പള നിരക്കുകളും മറ്റു മിനിസ്റ്റീരിയൽ ജീവനക്കാരുടേതിൽ നിന്നു വ്യത്യസ്തമായതു കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) അവരുടെ ആവശ്യം പേ കമ്മീഷന്റെ പരിഗണനയ്ക്കു വയ്ക്കുകയും കമ്മീഷന്റെ ശുപാർശ അംഗീകരിക്കുകയും ഉണ്ടായി.

ജയിലിലെ തടവുകാർ റാക്കുണ്ടാക്കിയതായി ആരോപണം

*445 [469] ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ അധികൃതരുമായി ജയിലിലെ തടവുകാർ യോജിച്ച് തടവുകാർ റാക്കുണ്ടാക്കിയിട്ടുണ്ടോ;

(ബി) സ്ത്രീ തടവുകാരെ ജയിൽ ഉദ്യോഗസ്ഥൻമാർ അവരുടെ ഗൃഹ ജോലിക്ക് നിയോഗിക്കാറുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ത്രീ തടവുകാരിൽ ആരെങ്കിലും ദീർഘകാല ജയിൽ വാസത്തിനിടയിൽ ജയിലിൽ വച്ച് ഗർഭം ധരിച്ചിട്ടുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇല്ല.
(ബി) ഇല്ല.
(സി) ഇല്ല.

വിദ്യുച്ഛക്തി ജീവനക്കാരുടെ സമരം

*446 [470] ശ്രീ. കെ: കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യുച്ഛക്തി ജീവനക്കാരുടെ 1978-ലെ സമരം മൂലം ബോർഡിന് വന്ന നഷ്ടം എത്ര?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

വിദ്യുച്ഛക്തി ജീവനക്കാരുടെ 1978 ലെ സമരം മൂലം ബോർഡിന് 162 ലക്ഷം രൂപായുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് ഗ്രേഡ്-2 നിയമനം

824 [1244] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് ഗ്രേഡ്-2 ആയി ജോലിയിൽ പ്രവേശിക്കാൻ ശ്രീ. കെ. എ. ബാലൻ 9.10.1978-ൽ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly